"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകി വരുന്ന കടാശ്വാസത്തിന് കർഷകരിൽ നിന്നും അപേക്ഷ സ്വീകരിക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.917/2023/AGRI തീയതി,തിരുവനന്തപുരം, 19-09-2023

---

പരാമർശം:-

1. സ.ഉ (പി) നം. 296/2022/ആർ.ഡി. തീയതി 3.12.2022
2. സ.ഉ (സാധാ) നം. 1145/2022/കൃഷി തീയതി 30.12.2022
3. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 26.06.2023, 24.08.2023 തീയതികളിലെ എ/3163/2022/കെ.എസ്.എഫ്.ഡി.ആർ.സി നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകി വരുന്ന കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയ ബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ആഗസ്റ്റ് 31 വരെയും ആയി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മേൽ സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിലേക്കായി 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് കർഷകരിൽ നിന്നും കടാശ്വാസത്തിന് അപേക്ഷ സ്വീകരിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. എന്നാൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയായ 2023 ജൂൺ 30 ന് ശേഷവും ധാരാളം അപേക്ഷകൾ കമ്മീഷനിൽ ലഭിച്ചു കൊണ്ടിരിക്കുന്നതിനാൽ അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (3) ലെ കത്തുകൾ പ്രകാരം കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചിരുന്നു.

4. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ കത്തുകളിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് കർഷകരിൽ നിന്നും കടാശ്വാസത്തിന് അപേക്ഷ സ്വീകരിക്കുന്നതിനുള്ള തീയതി 2023 ജൂലൈ 1 മുതൽ 6 മാസത്തേക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലതാകുമാരി.എം.ബി

അഡിഷണൽ സെക്രട്ടറി

ചെയർമാൻ, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ, തിരുവനന്തപുരം

സ.ഉ.(സാധാ) നം.917/2023/AGRI

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (എച്ച് ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vineeshkumar
Date: 19-09-2023 12:38:27
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
കാർഷികോത്പാദന കമ്മീഷണറുടെ പിഎയ്ക്ക്